# സാമൂഹ്യക്ഷേമ ഡയറക്ടറുടെ നടപടിക്രമങ്ങൾ

ഉത്തരവ് നമ്പർ.E7-25429/2011 തീയതി: 09..08..2011

============================= =======================

വിഷയം:- സാമൂഹ്യക്ഷേമ വകുപ്പ്-ജീവനക്കാര്യം-ഗ്രേഡ്-II സൂപ്രണ്ട് തസ്തികയിൽ ക്രമീകരണം-സ്ഥലംമാറ്റം-ഒഴിവില്ലാത്തതിനാൽ റിവർഷൻ-ക്രമീകരണം നടത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1) 09-09-2010 ലെ ഈ കാര്യാലയത്തിലെ ഉത്തരവ് നം. E7-42015/2010;
2) ശ്രീ.സജിയുടെ അപേക്ഷ.

***

പരാമർശിത ഉത്തരവിനാൽ പതിനഞ്ച് ഗ്രേഡ്-III ജീവനക്കാർക്ക് ഗ്രേഡ്-II തസ്തികയിൽ ഉദ്യോഗക്കയറ്റം നൽകിയിരുന്നു. അതിൽ ക്രമ നമ്പർ 12 ലെ ശ്രീ.സജി, ഹെഡ് അക്കൗണ്ടന്റ്, കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷനിൽ ഡെപ്യൂട്ടേഷനിലായിരിക്കവെയാണ് ഗ്രേഡ്-II ൽ ഉദ്യോഗക്കയറ്റം നേടിയത്. ടിയാനെ കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷനിൽ തുടരാനനുവദിക്കുകയും ചെയ്തിരുന്നു. ഇപ്പോൾ ടിയാൻ ഡെപ്യൂട്ടേഷൻ കാലാവധി അവസാനിപ്പിക്കുകയും തിരികെ മാതൃവകുപ്പിൽ എത്തിയിട്ടുണ്ട്.

2011 ലെ പേ റിവിഷൻ ഉത്തരവ് GO(P) No.85/2011/Fin തീയതി 26-2-2011 പ്രകാരം ഗ്രേഡ്-II തസ്തികയിലെ സൂപ്രണ്ടുമാരുടെ ശംബള സ്കെയിൽ 15380-400-16980-440-18740-500-21240-560-24040-620-25900 ആണ്. എന്നാൽ സോഷ്യൽ സയന്റിസ്റ്റ്, വി.റ്റി.സി.സൂപ്പർവൈസർ, ലെയ്സൺ ഓഫീസർ എന്നിവരുടേത് 14620-360-14980-400-16980-440-18740-500-21240-560-4040-620-25280 ശംബള സ്കെയിൽ ആകുന്നു. പരാമർശിത ഉത്തരവിനാൽ ഉദ്യോഗക്കയറ്റം നൽകിയ ഗ്രേഡ്-III ജീവനക്കാർക്ക് ഇത് ബാധകമാക്കിയിരുന്നില്ല. കാരണം 10-8-2010 ലെ പേ റിവിഷൻ/സ്പെഷ്യൽ റൂൾ എന്നിവ വരുന്നതിന് മുൻപേയുണ്ടായിരുന്ന ഒഴിവുകളായിരുന്നതിനാൽ പേ റിവിഷൻ/സ്പെഷ്യൽ റൂൾ എന്നിവ ഈ നിയമനത്തിൽ ഉൾപ്പെട്ടിരുന്നില്ല. എന്നാൽ ഇപ്പോൾ പേ റിവിഷൻ/സ്പെഷ്യൽ റൂൾ എന്നിവയുടെ വെളിച്ചത്തിൽ ടി നിയമനം പുനപരിശോധിക്കേണ്ടതായിട്ടുണ്ട്.

സോഷ്യൽ സയന്റിസ്റ്റ്, വി.റ്റി.സി.സൂപ്പർവൈസർ, ലെയ്സൺ ഓഫീസർ എന്നീ തസ്തികകളിൽ നിയമനം കിട്ടുന്നവർക്ക് ഗ്രേഡ്-1 തസ്തികകളിലേക്ക് വളരെ എളുപ്പത്തിൽ കടന്നുവരാൻ കഴിയുന്നതാണ്. പേ റിവിഷൻ പ്രകാരം അവരെക്കാൾ സീനിയറായ ജീവനക്കാർ നിൽക്കവെ അവരെക്കാളും ജൂനിയറായ ഇവർ ഗ്രേഡ്-1 തസ്തികയിൽ കയറിപോകുന്നത് തികച്ചും തെറ്റാണ്. മാത്രമല്ല സ്പെഷ്യൽ റൂളിലെ ഈ അപാകതകൾ പരിഹരിക്കുന്നതിനായി വേണ്ടുന്ന നടപടികൾ സാമൂഹ്യക്ഷേമ വകുപ്പുതലത്തിലും സർക്കാർ തലത്തിലും നടന്നുവരികയുമാണ്. ഇതിന്റെ അന്തിമരൂ ം ആയാൽ മാത്രമേ ഇത്തരം വിവേചനങ്ങൾക്ക് ഒരു പരിഹാരം കാണാൻ കഴിയുകയുള്ളൂ. ഇതിന്റെ പരിഹാരമായി തൽക്കാലം സർക്കാർ തലത്തിലുള്ള തീരുമാനമകുന്നതുവരെയും സ്പെഷ്യൽ റൂളിലെ അനോമിലികൾ പരിഹരിക്കുന്നതുവരെയും ഗ്രേഡ്-II, സോഷ്യൽ സയന്റിസ്റ്റ്, സൂപ്പർവൈസർ വി.റ്റി.സി, ലെയ്സൺ ഓഫീസർ തസ്തികയിലുള്ള നിയമനം 2011 ലെ പേ റിവിഷന്റെ അടിസ്ഥാനത്തിലും ശംബള സ്കെയിലിന്റെ അടിസ്ഥാനത്തിലും പുനക്രമീകരിക്കുവാൻ തീരുമാനിച്ചിരിക്കുന്നു. സോഷ്യൽ സയന്റിസ്റ്റ്, സൂപ്പർവൈസർ വി.റ്റി.സി, ലെയ്സൺ ഓഫീസർ എന്നിവരുടെ ശംബള സ്കെയിൽ ഗ്രേഡ്-II സുപ്രണ്ടിനെക്കാൾ താഴെയാണെന്നതിനാൽ സീനിയോറിറ്റി ലിസ്റ്റിൽ ജൂനിയറായ ജീവനക്കാരെ സോഷ്യൽ സയന്റിസ്റ്റ്, സൂപ്പർവൈസർ വി.റ്റി.സി, ലെയ്സൺ ഓഫീസർ എന്നീ തസ്തികകളിൽ നിയമിക്കാനും അപ്രകാരം പരാമർശിത ഉത്തരവിനാൽ ഉദ്യോഗക്കയറ്റം നൽകിയ ഗ്രേഡ്-II ജീവനക്കാരുടെ ഉദ്യോഗക്കയറ്റം പുനക്രമീകരിക്കുവാനും, കൂടാതെ ഡെപ്യൂട്ടേഷനിൽ പോയിരുന്ന ക്രമനമ്പർ 189 ശ്രീ.സജി മാതൃവകുപ്പിലേക്ക് മടങ്ങിവന്നതിനാൽ നിലവിൽ ജൂനിയറായ ക്രമ നമ്പർ 194 ശ്രീ.സാദിക്കിനെ റിവർട്ട് ചെയ്ത് ഗ്രേഡ്-IIIൽ നിയമിക്കുവാനും തീരുമാനിച്ചു. ചുവടെ ചേർക്കും പ്രകാരം സ്ഥലംമാറ്റവും പുനക്രമീകരണവും നടത്തി പരാമർശിത ഉത്തരവ് പുനക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നം. | ജീവനക്കാരുടെ പേരും ഇപ്പോൾ ജോലിചെയ്യുന്ന കാര്യാലയവും | ക്രമീകരിച്ച് നിയമിക്കുന്ന കാര്യാലയം | അഭിപ്രായം |
|---|---|---|---|
| 1 | ശ്രീ.C.രാമചന്ദ്രൻ,<br>സൂപ്രണ്ട് ഗ്രേഡ്-II<br>ഗവ.ഒബ്സർവേഷൻ ഹോം,<br>പത്തനംതിട്ട (അവധിയിൽ) | സൂപ്രണ്ട് ഗ്രേഡ്-II<br>ഗവ.ഒബ്സർവേഷൻ ഹോം,<br>ആലപ്പുഴ | അപേക്ഷ |
| 2 | ശ്രീ.V.N.സുരേഷ്കുമാർ<br>സൂപ്രണ്ട് ഗ്രേഡ്- II<br>ചിൽഡ്രൻസ്ഹോം,<br>നൂറനാട് | സൂപ്രണ്ട് ഗ്രേഡ്- II<br>വൃദ്ധവികലാംഗ സദനം<br>ആലപ്പുഴ | അപേക്ഷ |
| 3 | ശ്രീ.K.G.വിൻസന്റ്<br>ലെയ്സൺ ഓഫീസർ, RAD<br>ഓഫീസ്, എറണാകുളം | സൂപ്രണ്ട് ഗ്രേഡ്- II<br>ഗവ.ഒബ്സർവേഷൻ ഹോം,<br>പത്തനംതിട്ട | ഭരണപരം |
| 4 | ശ്രീ.K.രവീന്ദ്രനാചാരി<br>സൂപ്പർവൈസർ, VTC<br>കോഴിക്കോട് | സൂപ്രണ്ട് ഗ്രേഡ്- II<br>ചിൽഡ്രൻസ് ഹോം, നൂറനാട് | ഭരണപരം |
| 5 | ശ്രീ.സാമുവേൽ.വി.മൈക്കിൾ<br>സൂപ്രണ്ട് ഗ്രേഡ്- II<br>ഗവ.ഒബ്സർവേഷൻ ഹോം,<br>ആലപ്പുഴ | സൂപ്പർവൈസർ,<br>VTC കോഴിക്കോട് | ഭരണപരം |
| 6 | ശ്രീ.സജി<br>(ഡപ്യൂട്ടേഷനിൽ പോയി<br>മടങ്ങിവന്നു) | സോഷ്യൽ സയന്റിസ്റ്റ്<br>സാമൂഹ്യക്ഷേമ ഡയറക്ടറേറ്റ് | ഭരണപരം |
| 7 | ശ്രീ.K.ബാഹുലേയൻ<br>സൂപ്പർവൈസർ,<br>VTC തിരുവനന്തപുരം | ലെയ്സൺ ഓഫീസർ, RAD<br>ഓഫീസ്,<br>എറണാകുളം | ഭരണപരം |
| 8 | ശ്രീ.ടോമി.എം.ജോസഫ്<br>സോഷ്യൽ സയന്റിസ്റ്റ്<br>സാമൂഹ്യക്ഷേമ ഡയറക്ടറേറ്റ് | സൂപ്പർവൈസർ,<br>VTC തിരുവനന്തപുരം | ഭരണപരം |
| 9 | ശ്രീ.സാദിക്<br>സൂപ്രണ്ട് ഗ്രേഡ്- II<br>വൃദ്ധവികലാംഗ സദനം,<br>ആലപ്പുഴ | ഹെഡ് അക്കൗണ്ടന്റ്<br>സാമൂഹ്യക്ഷേമ ഡയറക്ടറേറ്റ്<br>(Reverted for want of vacancy) | ആലപ്പുഴ ബാലവികലാംഗ സദനം സൂപ്രണ്ടിന്റെ അധിക ചുമതല തുടർന്നും വഹിക്കേണ്ടതാണ്. |

| | | | |
|---|---|---|---|
| 10 | ശ്രീ.അബ്ദുൽബാരി<br>സൂപ്രണ്ട് ഗ്രേഡ്- II<br>ആശാഭവൻ, കോഴിക്കോട് | സാമൂഹ്യക്ഷേമ ഡയറക്ടറേറ്റ്<br>(വർക്കിംഗ് അറേഞ്ച്മെന്റിൽ) | കോഴിക്കോട്<br>ആശാഭവനിലെ<br>സൂപ്രണ്ട് ഗ്രേഡ്- II<br>തസ്തിക തിരികെ<br>ആശാഭവനിൽ<br>നിലനിർത്തുന്നു. |

**(ഒപ്പ്)**
**സാമൂഹ്യക്ഷേമ ഡയറക്ടർ**

ബന്ധപ്പെട്ടവർക്ക്

പകർപ്പ് :1) അഡീഷണൽ ഡയറക്ടറുടെ സി.എ.യ്ക്ക്
2) എല്ലാ ജില്ലാ സാമൂഹ്യക്ഷേമ ഓഫീസർമാർക്കും
3) ഡയറക്ടറേറ്റിലെ എല്ലാ ഓഫീസ് മേധാവികൾക്കും
4) E2 മുതൽ E9 വരെ
5) സ്റ്റോക്ക്

ഉത്തരവിൻ പ്രകാരം,



**സൂപ്രണ്ട്**